"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം; - വകുപ്പുതല അഡ്ഹോക്ക് പ്രൊമോഷൻ കമ്മിറ്റി (ലോവർ) 2023 - സെലക്റ്റ് ലിസ്റ്റ് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1440/2023/LSGD തീയതി,തിരുവനന്തപുരം, 14-07-2023

---

പരാമർശം:- 1. 10.07.2023-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻകമ്മിറ്റി(ലോവർ) യോഗതീരുമാനം

2. പഞ്ചായത്ത് ഡയറക്ടറുടെ 11/07/2023-ലെ LSGD/PD/11385/2023-DEB1 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിൽ 2023 വർഷത്തിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിലേയ്ക്ക് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നടത്തുന്നതിലേയ്ക്കായി 10/07/2023 ന് ചേർന്ന വകുപ്പ തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) പരാമർശം(1) പ്രകാരം അംഗീകരിച്ച സെലക്റ്റ് ലിസ്റ്റ് ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി പരാമർശം(2) കത്ത് പ്രകാരം പഞ്ചായത്ത് വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10/07/2023 ന് ചേർന്ന വകുപ്പ തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാന പ്രകാരം അംഗീകരിച്ച സെലക്റ്റ് ലിസ്റ്റ് കേരള ഗസറ്റിൽ (അസാധാരണം) ആയി പ്രസിദ്ധപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

1. ഡയറക്ടർ, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. *(ഇപിബി1/321/2023-തസ്വഭവ നമ്പർ ഫയലിലേക്ക്).*

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 14-07-2023 12:38:55
സെക്ഷൻ ഓഫീസർ